**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

ബി.ടെക് കോഴ്സ് - രണ്ട് വ്യത്യസ്ത സ്കീമുകളിലായി പഠനം നടത്തിയ വിദ്യാർത്ഥിയുടെ പരീക്ഷാഫലം ഏകീകരിക്കുന്നത് - കോഴ്സ് പൂർത്തീകരിക്കുന്നതിന് അധികമായി ജയിക്കേണ്ടി വരുന്ന വിഷയങ്ങളുടെ എണ്ണം സംബന്ധിച്ച അക്കാദമിക് കൗൺസിൽ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**അക്കാദമിക് വിഭാഗം**

സ.ഉ.നം. 8612 /എIV/1/ബി ടെക്/T2/ജനറൽ /2017 പി.ഡി. ഹിൽസ്, തീയതി: 10/12/2018

==========================================================================

പരാമർശം:- 1 03.08.2017 - ൽ ശ്രീ. ജോസഫ് ചെറിയാൻ സമർപ്പിച്ച അപേക്ഷ.

2. 13.12.13 ലെ 6387/ എIV/1/അക്കാദമിക് /2013 നമ്പർ സർവകലാശാലാ ഉത്തരവ്.
3. ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിങ്ങ് & ടെക്നോളജിയുടെ 13.06.2018 ലെ ശുപാർശ.
4. 29.09.2018 ലെ അക്കാദമിക് കൗൺസിൽ തീരുമാനം ഇനം. നം. 197/എസി.18/185239. (08.11.2018 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (18.09) ഇനം. നമ്പർ 01/18.09/182236 ആയി സമർപ്പിച്ചത്.)

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

**<u>ഉത്തരവ്</u>**

ബി ടെക് കോഴ്സിന് ലാറ്ററൽ എൻട്രി വഴി 2008 ൽ പ്രവേശനം നേടി, 2002 സ്കീം & സിലബസ് പ്രകാരം 6 സെമസ്റ്റർ വരെ പൂർത്തിയാക്കുകയും 2013 ൽ പുന: പ്രവേശനം നേടി 2010 സ്കീം & സിലബസ് പ്രകാരം 7, 8 സെമസ്റ്ററുകൾ പൂർത്തിയാക്കുകയും ചെയ്ത മാലിയങ്കര SNMIMT യിലെ ശ്രീ. ജോസഫ് ചെറിയാൻ എന്ന വിദ്യാർത്ഥി തന്റെ പ്രൊവിഷണൽ സർട്ടിഫിക്കറ്റും കൺസോളിഡേറ്റഡ് മാർക്ക്ലിസ്റ്റും ലഭിക്കുന്നതിനായി പരാമർശം (1) അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ രണ്ട് വ്യത്യസ്ത സ്കീമുകളിലായി പഠനം പൂർത്തിയാക്കിയ ടി വിദ്യാർത്ഥി പരാമർശം (2) സർവകലാശാലാ ഉത്തരവ് പ്രകാരം അധികമായി വിജയിക്കേണ്ടുന്ന 21 പേപ്പറുകൾ സംബന്ധിച്ച് ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയുടെ അഭിപ്രായം ആരാഞ്ഞിരുന്നു. ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയുള്ള ശ്രീ. ജോസഫ് ചെറിയാൻ ലാറ്ററൽ എൻട്രി വഴി പ്രവേശനം നേടിയതാകയാൽ ഒന്നും രണ്ടും സെമസ്റ്ററുകളിലെ അധികമായി വിജയിക്കേണ്ടുന്ന വിഷയങ്ങൾ ഒഴിവാക്കാമെന്നും 2010 റഗുലേഷന് അനുസൃതമായി പാസാകേണ്ടതായ മിക്ക വിഷയങ്ങളും ടിയാൻ 2002 സ്കീം പ്രകാരം ഇതിനോടകം തന്നെ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടി വിഷയങ്ങൾ വീണ്ടും പരീക്ഷയെഴുതേണ്ടതില്ലെന്നും പരാമർശം (3) പ്രകാരം ഡീൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ മൂന്ന്, അഞ്ച്, ആറ് സെമസ്റ്ററുകളിലെ യഥാക്രമം Economic & Communication Skills, CAD/CAM, Elective - 1 എന്നീ വിഷയങ്ങൾക്ക് തത്തുല്യമായ കോഴ്സുകൾ ടിയാൻ 2002 സ്കീം പ്രകാരം പഠിച്ചിട്ടില്ലാത്തതിനാൽ 2010 സ്കീമിലേയ്ക്ക് ടിയാന്റെ പരീക്ഷാഫലം ഏകീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ

07.08.2018 ൽ ബഹു: വൈസ് ചാൻസിലർ ഉത്തരവായിരുന്നു; അതിൻ പ്രകാരം 29.09.2018 ലെ അക്കാദമിക് കൗൺസിലിൽ വിഷയം പരിഗണിക്കപ്പെടുകയുണ്ടായി.

പരാമർശം (4) പ്രകാരം ശ്രീ. ജോസഫ് ചെറിയാൻ രണ്ട് വ്യത്യസ്ത സ്കീമുകളിലായി പഠിച്ച ബി ടെക് കോഴ്സ് പൂർത്തീകരിക്കുന്നതിന് മൂന്ന്, അഞ്ച്, ആറ് സെമസ്റ്ററുകളിലെ യഥാക്രമം Economics & Communication Skills, CAD/CAM, Elective – 1 എന്നീ വിഷയങ്ങളുടെ കൂടി പരീക്ഷ എഴുതേണ്ടതാണ് എന്ന് അക്കാദമിക് കൗൺസിൽ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**രമേഷ് നാരായൻ**
**അസിസ്റ്റന്റ് രജിസ്ട്രാർII (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. ശ്രീ. ജോസഫ് ചെറിയാൻ
2. വൈസ് ചാൻസിലറുടെ/പ്രോ വൈസ് ചാൻസിലറുടെ പി.എസ്.മാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
4. പ്രിൻസിപ്പൽ, SNMIMT, മാലിയങ്കര..
5. ജെആർ/ഡിആർ/എആർ (പരീക്ഷ)
6. ജെആർ/ഡിആർ/എആർ (അക്കാഡമിക്)
7. ഇ.ഐ.XXIII / ഇ.ബി II സെക്ഷനുകൾ
8. കണ്ടന്റ് മാനേജ്മെന്റ്/പി.ആർ.ഒ സെക്ഷനുകൾ
9. എസിസി 2 സെക്ഷൻ.
10. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Sw haha

**സെക്ഷൻ ഓഫീസർ**